# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം -പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഐ.ടി.@ സ്കൂളിന്റെ മേൽനോട്ടത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി, തിരുവനന്തപുരം 26/8/2016

---

പരാമർശം: 1. 09.11.2007 ലെ സ.ഉ (സാധാ)നം. 5120/2007/പൊ.വി.വ
2. 19.5.2008 ലെ സ.ഉ (സാധാ)നം. 2239/12008 പൊ.വി.വ
3. 21.2.2012 ലെ സ.ഉ (സാധാ)നം. 808/2012/പൊ.വി.വ
4. 27.11.2015 ലെ സ.ഉ (സാധാ)നം. 5628/15/പൊ.വി.വ
5. 25.8.2016 ലെ ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ITS/2016/08/113. നം.കത്ത്.

## ഉത്തരവ്

പരാമർശം (1),(2),(3),(4) ഉത്തരവുകളുടെ തുടർച്ചയായി പൊതു വിദ്യാഭ്യാസ വകുപ്പിലെ ഐ.ടി യുമായി ബന്ധപ്പെട്ട എല്ലാവിധ പ്രൊപ്പോസലുകളും പരിശോധിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു പ്രത്യേക സമിതിയെ നിയമിക്കണമെന്ന് പരാമർശം (5) പ്രകാരം IT@ School എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐടി സംബന്ധമായ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഐടി @ സ്കൂളിന്റെ മേൽനോട്ടത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐടി @ സ്കൂളിന്റെ മേൽ നോട്ടത്തിൽ പ്രൊഫ. ജി. ജയശങ്കർ ചെയർമാനും, ഐടി@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായ ഐടി സാങ്കേതിക സമിതി തുടരുന്നതാണ്. ഇതിൽ സി-ഡാക്ക്/ എൻ.ഐ.സി/ഐടി മിഷൻ പോലുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരും ധനവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിലുള്ള ഐടി @ സ്കൂളിലെ ഫിനാൻസ് ഓഫീസറും അംഗങ്ങളായിരിക്കും. അക്കാദമിക് കാര്യങ്ങളും, വകുപ്പുകളിലെ ഓഫീസ് ഐടി നിർവഹണ കാര്യങ്ങളുമെല്ലാം പരിഗണിക്കുന്ന സമയത്ത് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ചുമതലപ്പെടുത്തുന്നവരെ പ്രത്യേക ക്ഷണിതാക്കളായി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതാണ്. മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി ഉത്തരവിറക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

2. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്കും, സ്കൂളുകൾക്കും ആവശ്യമുള്ള ഹാർഡ് വെയറുകൾക്ക് ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ ഈ സാങ്കേതിക സമിതി നിശ്ചയിക്കുന്നതാണ്. സർക്കാരിന്റേയും എം.പി/ എം. എൽ.എ / തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെയും ഫണ്ടുപയോഗിച്ച് സ്കൂളുകളിൽ വിന്യസിക്കുന്ന എല്ലാ ഐ.ടി. സംവിധാനങ്ങൾക്കും ഈ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

3. വിദ്യാഭ്യാസ വകപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും, സ്കൂളുകളിലും ഐ.ടി. സർവേ, ഐ.ടി. ഓഡിറ്റ്, കണക്ടിവിറ്റി, സ്മാർട്ട് ക്ലാസ് റൂം, ഹാർഡ് വെയർ ക്ലിനിക്കുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ സമിതിയുടെ മേൽനോട്ടത്തിൽ ആയിരിക്കുന്നതാണ്.

4. ഇതു സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് വരെ ഇത്തരം പ്രൊപ്പോസലുകളുടെ പ്രത്യേക പരിശോധന നടത്തി ശുപാർശ ചെയ്യാനും, പുതിയ/പ്രത്യേക പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെട്ടാൽ ആയത് പ്രത്യേക പരിശോധന നടത്തുവാനും ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.ടി @ സ്കൂൾ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ. ആർ.ടി, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ വകപ്പ്
ജില്ലാ കളക്ടർമാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.